## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3951 12.12.2018 - ൽ മറുപടിയ്ക്ക്**

### വൃക്ക രോഗികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി ) |
| (എ) 18 വയസ്സിന് മുകളിലുള്ള ആളുകളുടെ വൃക്ക മാറ്റി വെക്കൽ, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് ആരോഗ്യവകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദാമാക്കാമോ; | (എ) വൃക്ക മാറ്റിവയ്ക്കൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പുവർ" പദ്ധതി മുഖേന സൊസൈറ്റി അംഗീകരിച്ച ആശുപത്രിയിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് പരമാവധി 50,000/-രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) വൃക്ക മാറ്റിവെയ്ക്കൽ, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ നടത്താൻ കഴിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സർക്കാർ ആശുപത്രികളിൽ വൃക്ക കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്താവുന്നതാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അണുബാധ നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതാണ്. |

(സി) ഒരു വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്നയാൾക്ക് ബന്ധുക്കളിൽ നിന്നും വൃക്ക കിട്ടാത്ത സാഹചര്യത്തിൽ മറ്റ് ആളുകളിൽ നിന്ന് വൃക്ക സ്വീകരിക്കുന്നതിനും ദാനം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

(സി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകേണ്ടി വരുന്ന ഒരു വ്യക്തിയ്ക്ക് ബന്ധുക്കളുടെ അവയവം ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ പരോപകാരതല്പരതയോടുകൂടി യാതൊരു പ്രതിഫലേച്ഛയും കൂടാതെ അവയവം നല്കുവാൻ സന്നദ്ധനായി ഒരു വ്യക്തി മുന്നോട്ട് വന്നാൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും വൈദ്യപരിശോധനാ ഫലങ്ങളും അനുബന്ധ രേഖകളും ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് 1994, പ്രകാരം സ്ഥാപിത മായിട്ടുള്ള ജില്ലാ ആതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിനുശേഷം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് കമ്മറ്റി അംഗീകാരം നൽകുന്ന പക്ഷം അവയവമാറ്റ ശസ്ത്രക്രിയ നടത്താവുന്നതാണ്. ബന്ധുക്കൾ വഴിയും ബന്ധുവേതര അവയവദാനത്തിലൂടെയും അവയവം ലഭിക്കാതെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായി വരുന്ന രോഗികൾക്ക് അവയവം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി'യിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ